# ശില്പശാല സംഘടിപ്പിച്ചു

Posted on: 23 Dec 2011

തൃശ്ശൂർ:സംസ്ഥാന കൃഷിവകുപ്പിന്റെയും നാളികേര വികസന ബോർഡിന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ ഏകദിന ശില്പശാല വൈ.എം.സി.എ. ഹാളിൽ നടന്നു. രോഗബാധിതവും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി തെങ്ങിൻ തൈകൾ നടുകയും നിലവിലുള്ള തെങ്ങുകൾക്ക് വളം വിതരണം ചെയ്യുകയും ചെയ്യുന്ന പദ്ധതി 55 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്. കോർപ്പറേഷൻ മേയർ ഐ.പി. പോൾ ശില്പശാലയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ അധ്യക്ഷനായിരുന്നു. പി.എ. മാധവൻ എം.എല്.എ, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ജെസി പി. ജേക്കബ്, ഡോ. കോശി അബ്രഹാം, ഡെപ്യൂട്ടി ഡയറക്ടർമാരായ മാത്തുകുട്ടി, എം.പി. ലീലാമ്മ എന്നിവർ സംസാരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്കുമായാണ് ശില്പശാല സംഘടിപ്പിച്ചത്.






